## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6361 11/07/2012 - ൽ മറുപടിക്ക്

## ഇൻലാൻഡ് വാട്ടർ ലീസിംഗ് പോളിസി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ : | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഉൾനാടൻ ജലകൃഷിയുടെ വികസനത്തിന് പൊതു ജലാശയങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഉൾനാടൻ വാട്ടർ ലീസിംഗ് പോളിസി രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (എ) പൊതു ജലാശയങ്ങൾ ജലകൃഷിക്ക് പ്രയോജനപ്പെടുത്തുന്നതിനായി ഫിഷറീസ് ലീസിംഗ് പോളിസി രൂപീകരിക്കുന്നതിന്റെ ഭാഗമായി കരട് നയം തയ്യാറാക്കുന്നതിനായി ഡോ. എം.എൻ കുട്ടി അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച നയ രൂപീകരണ ശ്രമങ്ങളിൽ ഈ സർക്കാർ വന്നതിന് ശേഷം തുടർനടപടികൾ എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ? | (ബി) ഉണ്ട്. സംസ്ഥാനത്ത് ഫിഷറീസ് ലീസിംഗ് പോളിസി രൂപീകരിക്കുമ്പോൾ സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ അഭിപ്രായം കൂടി പരിഗണിക്കണമെന്നും അതിനായി കരട് നയ രൂപീകരണ കമ്മിറ്റിയിൽ അതോറിറ്റിയുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നും അതോറിറ്റിയുടെ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പരിഗണിച്ചുവരുന്നതിനകം തന്നെ സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനാൽ അതോറിറ്റിയുടെ പ്രതിനിധിയെ സമിതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. ടി സാഹചര്യത്തിൽ സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ ആവശ്യം പരിഗണിച്ച് ടി വിഷയത്തിൽ അതോറിറ്റിയുടെ അഭിപ്രായം എന്താണെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ